Mathrubhumi
മാതൃഭൂമി

# അമൃതയിൽ ഓറിയന്റേഷൻ പരിപാടി




അമൃത വിശ്വവിദ്യാപീഠം ചെന്നൈ കാമ്പസിന്റെ ഓറിയന്റേഷൻ പരിപാടിയിൽനിന്ന്

ചെന്നൈ ▸ അമൃത വിശ്വവിദ്യാപീഠത്തിന്റെ ചെന്നൈ കാമ്പസിൽ പുതിയബാച്ചിനായുള്ള ആറുദിവസത്തെ ഓറിയന്റേഷൻ പരിപാടിക്ക് തുടക്കമായി. വിദ്യാർഥികൾക്ക് കാമ്പസ് ജീവിതം, സംസ്കാരം, അക്കാദമിക് പ്രതീക്ഷകൾ എന്നിവ പരിചയപ്പെടുത്തുകയെന്നതാണ് പരിപാടി ലക്ഷ്യമിടുന്നത്.

എയർസെൽ സ്ഥാപകനും എഐഡബ്ല്യുഒ ഉപദേഷ്ടാവുമായ സി. ശിവശങ്കരൻ, അമൃത സ്കൂൾ ഓഫ് എൻജിനിയറിങ് ആൻഡ് കംപ്യൂട്ടിങ് പ്രിൻസിപ്പൽ ഡോ. വി. ജയകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ സ്വാമി വിനയാമൃതാനന്ദപുരി, അക്കാദമിക് ഡീൻ ഡോ. ശശങ്കൻ രാമനാഥൻ എന്നിവർ സംസാരിച്ചു. കാമ്പസ് വാർത്താക്കുറിപ്പായ വൃദ്ധിയുടെ ആദ്യലക്കവും ചടങ്ങിൽ പുറത്തിറക്കി.